# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
Ph : 0490 2344430, E-mail : catechesistly@gmail.com


**സർക്കുലർ - ആഗസ്റ്റ് 2016**

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന്റേയും നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനത്തിന്റേയും മംഗളങ്ങൾ സ്നേഹപൂർവ്വം ഏവർക്കും ആശംസിക്കുന്നു. നമ്മുടെ മാതൃരാജ്യത്തിനുവേണ്ടി മാതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

**1. സർവ്വേ ഫോം - 2016-17**

2016-2017 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ഇനിയും തരാത്തവർ ഉടനെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**2. ഓണപരീക്ഷ - സെപ്റ്റംബർ 11**

ഓണപരീക്ഷ സെപ്റ്റംബർ 11-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെകൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 11-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് നേരത്തേ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-3 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X<br><br>ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം<br>പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 - 5 അദ്ധ്യായങ്ങൾ<br>1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക. സർവ്വേഫോമിലെ കുട്ടികളുടെ എണ്ണം അനുസരിച്ചാണ് ചോദ്യപേപ്പർ നല്കുന്നത്. കുട്ടികളുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ ഓഫീസിൽ അറിയിക്കുമല്ലോ.

**3. ജനറൽ/മോഡൽ ചോദ്യങ്ങൾ**

കുട്ടികളുടെ പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

**4. അസൈൻമെന്റ് ക്ലാസ് - XII**

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 30**നാണ്. ഇക്കാര്യം കുട്ടികളെ നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെകൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളുള്ള വിഷയവിവരണം 6 പേജ് ഉണ്ടായിരിക്കണം.** 10 പേജിൽ അധികമാകരുത്. കുട്ടി

യുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായങ്ങൾ 1. മാധ്യമങ്ങളും അവയുടെ നന്മകളും 2. മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ 3. മാധ്യമങ്ങളെ എങ്ങനെ സമൂഹനന്മയ്ക്കായി ഉപയോഗിക്കാം.

## 5. ആസ്പെക്ട്

2016-2017, 2017-18 എന്നീ അധ്യയനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് ഡോ. പോൾ പള്ളത്ത് എഴുതിയ "ഭാരതകത്തോലിക്ക സഭ ഇന്നലെയും ഇന്നും" എന്ന ഗ്രന്ഥമാണ്. ഭാരതത്തിലെ വിവിധ സഭകളെ സംബന്ധിക്കുന്ന നിരവധി സുപ്രധാന ചരിത്രരേഖകൾ, ശ്ലൈഹിക തിരുവെഴുത്തുകൾ, മാർപാപ്പാമാരുടെ ബൂളകൾ തുടങ്ങി വിശ്വസ്തവും ആധികാരികവുമായ അനേകം രേഖകളുടെ പിൻബലത്തോടെ തയ്യാറാക്കിയിരിക്കുന്ന 446 പേജുകളുള്ള ഈടുറ്റ ഈ ചരിത്രഗ്രന്ഥം സഭയെ അറിയുവാനും സ്നേഹിക്കുവാനും എല്ലാവരെയും സഹായിക്കും. ഈ ആധികാരിക ഗ്രന്ഥമാണ് അടുത്ത രണ്ട് വർഷത്തേക്ക് (2016-17,2017-18) മതാധ്യാപകർക്ക് ആസ്പെക്ട് പഠന പുസ്തകമായി നല്കുന്നത്. ഒന്നാം ഭാഗം ഈ വർഷവും രണ്ടാം ഭാഗം അടുത്തവർഷവും എന്ന രീതിയിലാണ് പുസ്തക പഠനം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ അധ്യാപകർക്കും സ്വന്തമായി ഈ പുസ്തകം ഉള്ളത് വളരെ നല്ലതാണ്. അതുപോലെ എല്ലാ സൺഡേസ്കൂൾ ലൈബ്രറികളിലേക്കും വാങ്ങേണ്ടതാണ്. 250 രൂപ വിലയുള്ള പുസ്തകം അധ്യാപകർക്കു മാത്രം 100 രൂപയ്ക്ക് ലഭ്യമാകുന്ന താണ്. 80 രൂപ അടച്ചവർ ബാക്കി 20 രൂപ അടച്ച് സഹകരിക്കുമല്ലോ. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

## 6. ധ്യാനം : ക്ലാസ് XII (*TESTES DOMINI*)

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. ഫൊറോനാകമ്മിറ്റികൂടി ധ്യാനത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 7. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും രണ്ട് സെമിനാറുകൾ നടത്തേണ്ടതാണ്. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ നടത്തുമല്ലോ. ബഹു. മോൺ. താരാമംഗലത്തിലച്ചനും ബഹു. ജോസഫ് കുമ്പുക്കലച്ചനും സെമിനാറുകൾ നയിക്കാൻ സന്നദ്ധരാണ്. തോമാപുരം, ചെമ്പേരി, പൈസക്കരി, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, വെള്ളരിക്കുണ്ട് എന്നീ ഫൊറോനകളിലെ സെമിനാറുകൾക്ക് നേതൃത്വം കൊടുത്ത ഫൊറോനാക്കമ്മിറ്റിക്ക് നന്ദി. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

**ഓഗസ്റ്റ് മാസത്തെ സെമിനാറുകൾ**

ഓഗസ്റ്റ് - 02 ചെമ്പന്തൊട്ടി
ഓഗസ്റ്റ് - 24 തളിപ്പറമ്പ്

## 8. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2016-2017 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടേയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ് ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അവരുടെ പേരു വിവരങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| ആലക്കോട് | ടോമി പുത്തൻപുരയ്ക്കൽ |
| ചെമ്പന്തൊട്ടി | ജോയി കുരിശുകുന്നേൽ |
| ചെമ്പേരി | മാത്യു കൊട്ടാരത്തിൽ |
| ചെറുപുഴ | ജെയിസൺ പൂക്കുളത്തേൽ |
| എടൂർ | വിപിൻ തെക്കേൽ |
| കാഞ്ഞങ്ങാട് | ജേക്കബ് ഞാവള്ളി തെക്കേൽ |
| കുന്നോത്ത് | ആന്റണി മേച്ചേരികുന്നേൽ |
| മേരിഗിരി | സെബാസ്റ്റ്യൻ മണലിൽ |
| നെല്ലിക്കാംപൊയിൽ | ദേവസ്യ മുണ്ടപ്പള്ളിൽ |
| പൈസക്കരി | മാത്യു കാരിക്കാട്ടുകുഴി |
| പനത്തടി | പയസ് പറയിടം |
| പേരാവൂർ | ജോസഫ് മാടപ്പള്ളികുന്നേൽ |
| തളിപ്പറമ്പ് | തോമസ് ആലുങ്കൽ |
| തോമാപുരം | ജെയിംസ് പുതുശ്ശേരി |
| വായാട്ടുപറമ്പ് | റോയി ഓലിക്കൽ |
| വെള്ളരിക്കുണ്ട് | ജോർജ് കൊല്ലക്കൊമ്പിൽ |

**9. മതബോധന കൗൺസിൽ /പി.ടി.എ.**

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

**10. ഡി.വി.ഡി., വീഡിയോ : ക്ലാസ് I - IV, IX**

കമ്പ്യൂട്ടറിന്റെ സഹായത്തോടെ ആകർഷകമായ രീതിയിൽ I-IV, IX എന്നീ ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന് സഹായിക്കുന്ന അഞ്ച് വീഡിയോ സിഡികൾ ഓഫീസിൽ ലഭ്യമാണ്. വില 60 (I-IV), 80 (IX) രൂപവീതം. എല്ലാ സൺഡേസ്കൂളുകളും പ്രസ്തുത സിഡികൾ വാങ്ങേണ്ടതാണ്.

**11. ബൈബിൾ നഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി ഈ വർഷം മുതൽ (മഴക്കാലത്തിന് ശേഷം) സ്ഥലസൗകര്യങ്ങളുള്ള സൺഡേസ്കൂളുകളിൽ ബൈബിൾ നഴ്സറി ആരംഭിക്കുമല്ലോ. പുസ്തകവും CDയും ഓഫീസിൽ ലഭ്യമാണ്. വില പുസ്തകം-35, സി.ഡി-50.

**12. വെബ്സൈറ്റ് (catechismthalassery.org)**

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തെയും ബുള്ളറ്റിൻ വാർത്തകൾ, സർവ്വേ ഫോം, admission form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ, ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടെയും കുട്ടികളുടെയും പേരുവിവര ങ്ങൾ കൃത്യതയോടെയും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ട തുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപക രെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ. വെബ്സൈറ്റിൽ കുട്ടികളുടെ പേര് കഴിഞ്ഞവർഷം ചേർത്തവർ ഈ വർഷം ഒന്നാം ക്ലാസിലെ കുട്ടികളുടെ പേര് മാത്രം ചേർക്കുകയും മറ്റ് ക്ലാസ്സുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്യണം. ഒരു വിവരവും ചേർക്കാത്തവർ ആഗസ്റ്റ് 15നകം ചേർത്ത് സഹകരിക്കുമല്ലോ.

**13. വിശ്വാസപരിശീലന പ്രതിജ്ഞ**

എല്ലാ സൺഡേസ്കൂളുകളിലും കുട്ടികളെക്കൊണ്ട ചൊല്ലിപ്പിക്കുവാനുള്ള വിശ്വാസപരിശീലന പ്രതിജ്ഞ ജൂലൈ മാസത്തെ ബുള്ളറ്റിനിലും (പേജ് 49) വെബ്സൈറ്റിലും ഈ വർഷം പ്രിന്റ് ചെയ്ത കുട്ടികളുടെ കുർബാനപുസ്തകത്തിലും കൊടുത്തിട്ടുണ്ട്. ഈ പ്രതിജ്ഞ കുട്ടികൾക്ക് പറഞ്ഞുകൊടുത്ത് അവരുടെ ബുക്കിലെഴുതിപ്പിക്കുകയും വി. കുർബാനക്ക് ശേഷം സൺഡേസ്കൂൾ ലീഡറെക്കൊണ്ട് മുഴുവൻ കുട്ടികൾക്കും ഏറ്റു ചൊല്ലത്തക്കരീതിയിൽ ചൊല്ലിപ്പിക്കേണ്ടതുമാണ്.

**14. ഡയറക്ടറച്ചന്റെ സന്ദർശനം**

കൊളക്കാട്, പരിയാരം, അട്ടക്കണ്ടം, എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ